LIBRARY ARCHIVES Kerala Legislative Assembly

മദ്യാസക്തിക്കെതിരെ സാംസ്കാരിക സംഘടനകൾ വഴി ബോധവത്ക്കരണം

112(601) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യപാനാസക്തി, അക്രമം, അഴിമതി എന്നിവയിൽനിന്നും മോചനം ലഭിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും സാംസ്കാരിക സംഘടനകൾവഴി ബോധവത്ക്കരണം ശക്തിപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(ബി) സ്കൂൾ വിദ്യാർത്ഥികളിലും, യുവജനങ്ങളിലും മദ്യാസക്തി വർദ്ധിച്ചുവരുന്നത് തടയുവാൻ എന്തൊക്കെ നടപടികൾ സാംസ്ക്കാരിക-വിദ്യാഭ്യാസ വകുപ്പുവഴി നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

തിരുവനന്തപുരത്ത് അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവലിന് വേണ്ടി തിയേറ്റർ കോംപ്ലക്സ്

113(802) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവലിന് വേണ്ടി തിയേറ്റർ കോംപ്ലക്സ് എവിടെയാണ് സ്ഥാപിക്കുന്നത് :

(ബി) ഇതിന്റെ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ് :

(സി) എന്നത്തേയ്ക്ക് ഇതിന്റെ നിർമ്മാണം തുടങ്ങാൻ കഴിയും ;

(ഡി) ഇതിന് എത്ര തുക ചെലവാകും ?

ഉത്തരം

(എ) ജവഹർ ബാലഭവൻ വളപ്പിലാണ് സ്ഥാപിക്കുന്നത്.

(ബി) ഈ ആവശ്യത്തിനുവേണ്ടി സാംസ്കാരിക വകുപ്പുമന്ത്രി അദ്ധ്യക്ഷനായും ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ ഉപാദ്ധ്യക്ഷനായും ചലച്ചിത്ര അക്കാദമി സെക്രട്ടറി ഡോ. കെ. എസ്. ശ്രീകുമാർ കാര്യദർശിയായും ജവഹർ ബാലഭവൻ എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. ത്രിവിക്രമൻ ഉപ-കാര്യദർശിയായും മറ്റ് കമ്മിറ്റി അംഗങ്ങളും ഉൾപ്പെട്ട ഒരു സാംസ്കാരിക സമിതി രൂപീകരിക്കുകയും ഇതു സംബന്ധിച്ച മെമ്മോറാണ്ടം ഓഫ് അസോസിയേഷനും ചട്ടങ്ങളും അംഗീകരിക്കുകയും ചെയ്തു. ഇതുപ്രകാരം സാംസ്കാരിക സമുച്ചയ സമിതി 1955-ലെ 12-ാമത് തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മസംഘങ്ങൾ രജിസ്റ്റ്രേഷൻ ആക്ട് അനുസരിച്ച് ടി-1246/10 ക്രമ നമ്പർ പ്രകാരം രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) 2011 ഫെബ്രുവരി മാസത്തിൽ ടി സ്ഥാപനത്തിന്റെ തറക്കല്ലിടാനാണ് തീരുമാനിച്ചിരിക്കുന്നത്.

(ഡി) ചെലവാകാനിടയുള്ള തുക നിർണ്ണയിക്കുന്ന ഘട്ടത്തിലാണ്.

ബാലസാഹിത്യ അവാർഡ്

114(803) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ബാലസാഹിത്യ അവാർഡ് ബാലസാഹിത്യകാരന്മാർക്ക് നൽകാറുണ്ടോ ;

(ബി) ഏതൊക്കെ ഭാഷയിലുള്ള ബാലസാഹിത്യത്തിനാണ് പ്രസ്തുത അവാർഡ് നൽകുന്നത് ;

(സി) തമിഴ്, കന്നട, തുളു എന്നീ ഭാഷകൾ മാതൃഭാഷയായുള്ള കേരളീയരുടെ ബാലസാഹിത്യകൃതികളെ അവാർഡ് പരിഗണനയിൽനിന്നും ഒഴിച്ചുനിർത്തിയിട്ടുണ്ടോ ;

(ഡി) ബാലജനങ്ങൾ രചിക്കുന്ന ബാലസാഹിത്യകൃതികൾക്ക് പുരസ്ക്കാരം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഇ) ബാലസാഹിത്യപുരസ്ക്കാരം സംബന്ധിച്ച് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയിട്ടുള്ള നിബന്ധനകളടങ്ങിയ വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ബാല സാഹിത്യകാരൻമാർക്ക് അവാർഡ് നൽകാറുണ്ട്.

(ബി) മലയാള ഭാഷയിലുള്ള ബാലസാഹിത്യത്തിനാണ് ഇൻസ്റ്റിറ്റ്യൂട്ട് അവാർഡ് നൽകുന്നത്.

(സി) തമിഴ്, കന്നട, തുളു എന്നീ ഭാഷകളിൽ എഴുതുന്ന കേരളീയരുടെ ബാലസാഹിത്യ കൃതികൾക്ക് അവാർഡ് നൽകാൻ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി ഇതുവരെ തീരുമാനിച്ചിട്ടില്ല.

(ഡി) ബാലജനങ്ങൾ രചിക്കുന്ന കൃതികൾക്ക് അവാർഡ് നൽകാൻ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി തീരുമാനിച്ചിട്ടില്ല.

(ഇ) പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly